"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്-മിഷൻ വാത്സല്യ - കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം അവസാന ഗഡുവായി ലഭിച്ച തുകയും ആനുപാതിക സംസ്ഥാന വിഹിതവും SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.151/2024/WCDD    തീയതി,തിരുവനന്തപുരം, 23-04-2024

---

പരാമർശം:-

1. GO(P) no. 38/2022/Fin dated 26/03/2022
2. GO(Rt) no. 3220/2022/Fin dated 28/04/2022
3. സ.ഉ (സാധാ) നം. 422/2023/WCDD തീയതി 11/07/2023
4. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 20.03.2024-ലെ F.No.CW-II-22/30/2015-CW-II-(e-4060)(Part-1),F.No.CW-II-22/30/2015-CW-II-(e-4060)(Part-2) നമ്പർ കത്തുകൾ
5. വനിത ശിശു വികസന ഡയറക്ടറുടെ 17/04/2024-ലെ DWCD/7057/2024-ICPS 10 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുട്ടികളുടെ അവകാശവും സംരക്ഷണവും താൽപര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്ര - സംസ്ഥാന സർക്കാർ 2009-10 കാലഘട്ടം മുതൽ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ വാത്സല്യ (സംയോജിത ശിശു സംരക്ഷണ പദ്ധതി) PFMS മുഖേന നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2235-02-102-19-(P) (01 കേന്ദ്ര വിഹിതം, 02 സംസ്ഥാന വിഹിതം) എന്ന ശീർഷകം പരാമർശം (2) പ്രകാരം അനുവദിച്ചും നടപ്പ് വർഷം (2024-25) ഇതിലേയ്ക്കായി 17,50,00,000/- രൂപയും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS മുഖേനയാണ് നടപ്പിലാക്കുന്നത് എന്നതിനാൽ ടി തുക പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

2)2023-24 സാമ്പത്തിക വർഷം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ആദ്യ ഗഡു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് ആകെ 10,73,86,447/- രൂപ SNA അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിൽ 2023-24 സാമ്പത്തിക വർഷം അവസാന ഗഡുവായി (60%) കേന്ദ്ര വിഹിതമായി 6,44,31,869/- രൂപ പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്. ടി തുകയുടെ സംസ്ഥാന വിഹിതമായ (40%) 4,29,54,579/- രൂപയും ചേർത്ത് ആകെ 10,73,86,448/- രൂപ SNA അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്ന് ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം അവസാനം ഫണ്ട് അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാറിൽ നിന്നും കത്ത് ലഭിച്ചതിനാൽ ഫണ്ട് ടി സാമ്പത്തിക വർഷത്തിലെ ബജറ്റിൽ നിന്നും വിനിയോഗിക്കുന്നതിനു സാധിച്ചില്ലെന്നും ആകയാൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിന്നും ടി തുക SNA അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്നും ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. അനുവദിക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| 2235-02-102-19 P ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള തുക (2024-25 സാമ്പത്തിക വർഷം ) | 10,50,00,000/- | 7,00,00,000/- |
| മിഷൻ വാത്സല്യ പദ്ധതിയ്ക്കായി അവസാന ഗഡുവായി അനുവദിക്കേണ്ട തുക | 6,44,31,869/- | 4,29,54,579/- |

3) ആകയാൽ മിഷൻ വാത്സല്യയുടെ 2023-24 സാമ്പത്തിക വർഷം അവസാന ഗഡുവായി കേന്ദ്ര വിഹിതമായി ലഭിച്ച 6,44,31,869/- രൂപ 2235-02-102-19 (01) ശീർഷകത്തിൽ നിന്നും ആയതിന്റെ ആനുപാതിക വിഹിതമായ 4,29,54,579/- രൂപ 2235-02-102-19 (02) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും ഇപ്രകാരം ആകെ 10,73,86,448/- രൂപ മിഷൻ വാത്സല്യ പദ്ധതിയുടെ Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ IDBI ബാങ്കിന്റെ 0889104000111737 (IFSC Code.IBKL0000889) എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പരാമർശം (1) -ലെ ഖണ്ഡിക (2) പ്രകാരമുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം

അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിഷൻ വാത്സല്യയുടെ 2023-24 സാമ്പത്തിക വർഷം അവസാന ഗഡുവായി കേന്ദ്ര വിഹിതമായി ലഭിച്ച 6,44,31,869/- രൂപ 2235-02-102-19 (01) ശീർഷകത്തിൽ നിന്നും ആയതിന്റെ ആനുപാതിക വിഹിതമായ 4,29,54,579/- രൂപ 2235-02-102-19 (02) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും ഇപ്രകാരം ആകെ 10,73,86,448/- രൂപ മിഷൻ വാത്സല്യ പദ്ധതിയുടെ Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ IDBI ബാങ്കിന്റെ 0889104000111737 (IFSC Code.IBKL0000889) എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പരാമർശം (1) -ലെ ഖണ്ഡിക (2) പ്രകാരമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 23-04-2024 12:23:29
സെക്ഷൻ ഓഫീസർ